"ഭരണഭാഷ-മാതൃഭാഷ-"

# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം: ശ്രീ.വി.എൻ.ജിതേന്ദ്രൻ)

തിരുവനന്തപുരം

ഉത്തരവ് നം.: E1-34615/13. തീയതി: 21-5-2014

---

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. 3.9.2013-ലെ E9/28390/2012/DSJ(3)നം. ഗസറ്റ് നോട്ടിഫിക്കേഷൻ.
2. GO(P)നം.23/2010/സാ.ക്ഷേ.വ തീയതി: 30.3.2010.

സാമൂഹ്യനീതി വകുപ്പിൽ ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേക്ക് 1:4 അനുപാതത്തിൽ നേരിട്ടുള്ള നിയമനവും സ്ഥാനക്കയറ്റം മുഖേനയുള്ള നിയമനവുമാണ് പരാമർശം (2) -ലെ വിശേഷാൽ ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത്. വകുപ്പിലെ ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിൽ നിലവിൽ 33 ഒഴിവുകളാണുള്ളത്. ഈ 33 ഒഴിവുകൾ നിലവിലുണ്ടെങ്കിലും, ഇതിൽ 28 തസ്തികകൾ KPSC വഴി നേരിട്ടുള്ള നിയമനം വഴി നികത്തപ്പെടാനുള്ളതാണ്. ശേഷിച്ച 5 ഒഴിവുകളാണ് ഉദ്യോഗക്കയറ്റം വഴി നികത്താനുള്ളത്.

(2) CDPO തസ്തികയിലെ ഫീഡർ കാറ്റഗറിയിലെ ഓരോ വിഭാഗത്തിനുമുള്ള കേഡർ സ്ട്രെങ്ത്, നിലവിലുള്ളവരുടെ എണ്ണം, ഒഴിവ് വിവരം എന്നിവയടങ്ങിയ വിശദമായ സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു.

| | | **നേരിട്ടുള്ള നിയമനം** | **ഉദ്യോഗക്കയറ്റം – ICDS – സൂപ്പർവൈസർ വിഭാഗത്തിൽ നിന്ന്** | **അഭിപ്രായം** |
|---|---|---|---|---|
| ആകെ കേഡർ സ്ട്രെങ്ത് | 258 | 52 | 206 | നിയമനാനുപാതം 1:4 (നേരിട്ടുള്ള നിയമനം : ഉദ്യോഗക്കയറ്റം) |
| നിലവിലുള്ള ജീവനക്കാരുടെ എണ്ണം | 225 | 24 | 201 | |
| ഒഴിവുകൾ | 33 | 28 | 5 | |

DB/2014/pro/20.5.14

(3) ഉദ്യോഗക്കയറ്റം വഴി നികത്താനുള്ള ശിശുവികസപദ്ധതി ഓഫീസർമാരുടെ 5 തസ്തികകളിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിന് 2014 വർഷത്തെ സെലക്ട് ലിസ്റ്റ് തയ്യാറായിട്ടില്ല. എന്നാൽ 2013-ലെ സെലക്റ്റ് ലിസ്റ്റിൽ ഇനിയും 9 പേർ അവശേഷിക്കുന്നുണ്ട്. തനത് വർഷത്തിൽ സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കാത്ത പക്ഷം മുൻവർഷത്തെ സെലക്റ്റ് ലിസ്റ്റിന് പ്രാബല്യമുണ്ടാകുമെന്ന് K&SSR ചട്ടം 28(b)(i)(9) അനുശാസിക്കുന്നു. ഇപ്രകാരം പരാമർശം (1)ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ, ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിന് അർഹരാണ്.

| ക്രമ നം. | ജീവനക്കാരിയുടെ പേര് | 2013-ലെ സെലക്ട് ലിസ്റ്റിലെ ക്രമ നം. |
|---|---|---|
| 1. | ശ്രീമതി. എസ്.രമ | 38 |
| 2. | ശ്രീമതി. എസ്.പി.കുമാരി ഷൈലജ | 39 |
| 3. | ശ്രീമതി. സി.രാധാമണി അമ്മ | 40 |
| 4. | ശ്രീമതി. കെ.ആർ.അനിത | 41 |
| 5. | ശ്രീമതി. വി.ഡി.ജെസ്സി | 42 |

(4) മേൽപ്പറഞ്ഞ ജീവനക്കാരെ KS &SSR ചട്ടം 28(എ)(1) പ്രകാരം 18740-33680/- രൂപ ശമ്പള സ്കെയിലിൽ ശിശുവികസന പദ്ധതി ഓഫീസർമാരായി ഉദ്യോഗക്കയറ്റം നൽകി അവരുടെ പേരിനു നേരെ ചുവടെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ജീവനക്കാരിയുടെ പേര് , തസ്തിക ഇപ്പോൾ ജോലിനോക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|
| 1. | ശ്രീമതി. എസ്.രമ സൂപ്പർവൈസർ ICDS ഇലന്തൂർ. | ശിശുവികസന പദ്ധതി ഓഫീസർ, ICDS പന്തളം. | |
| 2. | ശ്രീമതി. എസ്.പി.കുമാരി ഷൈലജ സൂപ്പർവൈസർ ICDS പുഴയ്ക്കൽ Adl. | ശിശുവികസന പദ്ധതി ഓഫീസർ, ICDS തളിപ്പറമ്പ് Adl. | |
| 3. | ശ്രീമതി. സി.രാധാമണി അമ്മ സൂപ്പർവൈസർ ICDS മുതുകുളം. | ശിശുവികസന പദ്ധതി ഓഫീസർ, ICDS പരപ്പ. | |

**DB/2014/pro/20.5.14**

| | | | |
|---|---|---|---|
| 4. | ശ്രീമതി. കെ.ആർ.അനിത<br>സൂപ്പർവൈസർ<br>ICDS തിരുവനന്തപുരം U-4 | ശിശുവികസന പദ്ധതി ഓഫീസർ,<br>ICDS കാറടുക്ക | |
| 5. | ശ്രീമതി. വി.ഡി.ജെസ്സി<br>സൂപ്പർവൈസർ<br>ICDS മാള. | ശിശുവികസന പദ്ധതി ഓഫീസർ,<br>ICDS ചിറ്റൂർ | |

(5) ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരെ കാര്യാലയ മേധാവി അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതാണ്. ജീവനക്കാരുടെ വിടുതൽ / പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിലേയ്ക്ക് യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:-

1. അക്കൗണ്ടന്റ് ജനറൽ (A&E), തിരുവനന്തപുരം (with C/L)
2. എല്ലാ ആർ.എ.ഡി.മാർക്കും.
3. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.
4. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
5. E1 മുതൽ E9 സീറ്റ് വരെ.
6. സ്റ്റോക്ക് ഫയൽ / സ്പെയർ.

**ഉത്തരവിൻപ്രകാരം**

**സൂപ്രണ്ട്**

**DB/2014/pro/20.5.14**